ഭരണഭാഷ - മാതൃഭാഷ

NO TO DRUGS

നം:PL3/11349/2025/ഡി.ജി.ഇ

പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയം
തിരുവനന്തപുരം, തീയതി : 10-06-2025
ഇ-മെയിൽ : secret.dge@kerala.gov.in

പ്രേഷകൻ

പൊതുവിദ്യാഭ്യാസ ഡയറക്ടർ,
തിരുവനന്തപുരം

സ്വീകർത്താവ്

എല്ലാ വിദ്യാഭ്യാസ ഉപഡയറക്ടർമാർക്കും( ജില്ലാ നോഡൽ ഓഫീസർമാർ)
എല്ലാ റീജിയണൽ ഡെപ്യൂട്ടി ഡയറക്ടർമാർക്കും
എല്ലാ ജില്ലാ/ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർമാർക്കും

സർ,

വിഷയം :- പൊതുവിദ്യാഭ്യാസം-ഇൻസ്പയർ-മനാക്-2025-26-നോമിനേഷനുകൾ ഓൺലൈൻ എൻട്രി നടത്തുന്നത് - സംബന്ധിച്ച്

സൂചന :- 1. ദേശീയ ശാസ്ത്ര സാങ്കേതിക മന്ത്രാലയത്തിന്റെ നം. DST/S & TCB/Manak nominations/2025-26 തീയതി 29.05.2025 പ്രകാരമുള്ള അറിയിപ്പ്

*******************

സൂചനയിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ദേശീയതലത്തിൽ ശാസ്ത്ര പ്രതിഭകളെ കണ്ടെത്തുന്നതിനും പരിപോഷിപ്പിക്കുന്നതിനും കേന്ദ്ര ശാസ്ത്ര സാങ്കേതിക മന്ത്രാലയം ആവിഷ്കരിച്ച പദ്ധതിയായ ഇൻസ്പയർ അവാർഡ് മനാക്- ന്റെ 2025-26 വർഷത്തേയ്ക്കുള്ള ഓൺലൈൻ എൻട്രി www.inspireawards-dst.gov.in എന്ന വെബ്പോർട്ടലിൽ 15.06.2025 മുതൽ 15.09.2025 വരെ നടത്താവുന്നതാണ്. ഒരു സ്കൂളിലെ **6 മുതൽ 12 വരെയുള്ള ക്ലാസ്സുകളിൽ** പഠിക്കുന്ന വിദ്യാർത്ഥികളുടെ നൂതനവും യഥാർത്ഥവും സർഗ്ഗാത്മകവും ആയ സാമൂഹിക പ്രാധാന്യമുള്ള ആശയങ്ങൾ / ഇന്നവേഷനുകൾ ആണ് പ്രസ്തുത വെബ്പോർട്ടലിൽ ഓൺലൈൻ എൻട്രി നടത്തേണ്ടത്.

**ഒരു സ്കൂളിന് 5 കുട്ടികളെ വരെ നോമിനേറ്റ് ചെയ്യാവുന്നതാണ്.** സ്കൂളിന്റെ നിലവിലുള്ള ലോഗിൻ മുഖേന ഹയർസെക്കൻഡറി/വോക്കേഷണൽ ഹയർസെക്കൻഡറി വിഭാഗങ്ങളിൽ നിന്ന്

ഉൾപ്പെടെ 5 കുട്ടികളുടെ നോമിനേഷനുകളാണ് സമർപ്പിക്കേണ്ടത്. മികച്ച 5 ആശയങ്ങൾ കണ്ടെത്തുന്നതിനായി സ്കൂൾ തലത്തിൽ ഐഡിയ കോമ്പറ്റീഷൻ സംഘടിപ്പിക്കേണ്ടതാണ്. ഇതിനായി ഓരോ സ്കൂളിലും ഒരു ടീച്ചറിനെ ചുമതലപ്പെടുത്തേണ്ടതാണ്.

തങ്ങളുടെ അധികാര പരിധിയിലുള്ള ഓരോ വിദ്യാലയങ്ങളും 2025 സെപ്തംബർ 15 –നകം അർഹരായ 5 വിദ്യാർത്ഥികളുടെ നോമിനേഷനുകൾ സംക്ഷിപ്ത രൂപത്തിലുള്ള ആശയം സഹിതം വെബ് പോർട്ടലിൽ അപലോഡ് ചെയ്തിട്ടുണ്ടെന്ന് വിദ്യാഭ്യാസ ഉപഡയറക്ടർമാർ ഉറപ്പുവരുത്തേണ്ടതാണ്. ഏതെങ്കിലും സ്കൂളുകൾ ഇനിയും വെബ്പോർട്ടലിൽ രജിസ്റ്റർ ചെയ്തിട്ടില്ലെങ്കിൽ ഉടൻ തന്നെ രജിസ്റ്റർ ചെയ്യാനുള്ള നിർദ്ദേശം നൽകേണ്ടതാണ്.

ജില്ലാതലത്തിൽ ലഭിക്കുന്ന ആശയങ്ങൾ ജില്ലാ നോഡൽ ഓഫീസർമാരായ വിദ്യാഭ്യാസ ഉപഡയറക്ടർമാർ വിലയിരുത്തേണ്ടതും സംസ്ഥാന തലത്തിലേക്ക് സമർപ്പിക്കേണ്ട പ്രൊപ്പോസലുകൾ സമർപ്പിക്കേണ്ടതുമാണ്. അപൂർണ്ണമായ/ ഭേദഗതികൾ ആവശ്യമുള്ള പ്രൊപ്പോസലുകൾ ഉണ്ടെങ്കിൽ അതതു സ്കൂളുകൾക്ക് തിരിച്ചയച്ച് ആവശ്യമായ മാറ്റം വരുത്തി സമർപ്പിക്കാൻ നിർദ്ദേശം നൽകേണ്ടതാണ്. കുട്ടികളുടെ ബാങ്ക് അക്കൗണ്ട് വിവരങ്ങൾ കൃത്യമായി രേഖപ്പെടുത്തിയിട്ടുണ്ടെന്ന് ഉറപ്പാക്കിയശേഷം മാത്രമേ സംസ്ഥാനതലത്തിലേക്ക് പ്രൊപ്പോസലുകൾ സമർപ്പിക്കാൻ പാടുള്ളൂ.

ഇൻസ്പയർ അവാർഡ്-മനാക് പ്രോജക്റ്റ് എൻട്രി സംബന്ധിച്ച വിവരങ്ങൾ വിദ്യാഭ്യാസ ഉപഡയറക്ടർമാർ/ റീജിയണൽ ഡെപ്യൂട്ടി ഡയറക്ടർമാർ/അസിസ്റ്റന്റ് ഡയറക്ടർമാർ ബന്ധപ്പെട്ട സ്കൂൾ മേധാവികളെ അറിയിക്കേണ്ടതും സ്കൂൾ തലത്തിൽ എൻട്രി നടത്തിയിട്ടുണ്ടെന്ന് ഉറപ്പുവരുത്താൻ നിർദ്ദേശിക്കേണ്ടതുമാണ്. സ്കൂളുകളുടെ പങ്കാളിത്തം സംബന്ധിച്ച അവലോകനം വിദ്യാഭ്യാസ ഓഫീസർമാരുടെ യോഗത്തിലും പ്രഥമാധ്യാപകരുടെ/പ്രിൻസിപ്പൽമാരുടെ യോഗത്തിലും നടത്തേണ്ടതാണ്.

വിശ്വസ്തതയോടെ,

Signed by
Shanavas S
Date: 10-06-2025 12:51:56
പൊതുവിദ്യാഭ്യാസ ഡയറക്ടർ

പകർപ്പ്:

**ജോയിന്റ് ഡയറക്ടർ,** ഹയർസെക്കൻഡറി

അസിസ്റ്റന്റ് ഡയറക്ടർ,വൊക്കേഷണൽ ഹയർസെക്കൻഡറി